എ. ഡി. ബി. സഹായത്തോടെ ഡ്രെയിനേജ് പദ്ധതികൾ

102 [1039] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ നഗരസഭകളിലാണ് എ. ഡി. ബി. സഹായത്തോടെ ഡ്രെയിനേജ് പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഈ പദ്ധതിയുടെ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) തിരുവനന്തപുരം നഗരസഭയുടെ ഡ്രെയിനേജ് പദ്ധതിക്കായി പ്രത്യേക കമ്പനി രൂപീകരിക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ ഘടന എന്താണെന്നും ഏതു മേഖലയിലാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ നഗരസഭകളിൽ.

(ബി) കേരള സസ്റ്റെയ്നബിൾ അർബൻ ഡെവലപ്മെന്റ് പ്രോജക്ടിനുവേണ്ടി കൺസൾട്ടന്റ് തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം നഗരങ്ങളിലെ നിലവിലുള്ള സീവറേജ് പദ്ധതികൾ പുനരുദ്ധരിക്കുക, ലൈൻ നീട്ടുക, ട്രീറ്റ്മെന്റ് പ്ലാന്റ്, പമ്പിംഗ് മെയിൻ എന്നിവ നിർമ്മിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയുടെ അടങ്കൽ തുക 304.47 കോടി രൂപയാണ്. നിലവിലുള്ള സീവറേജ് പദ്ധതികളുടെ പുനരുദ്ധാരണം നടത്തുന്നത് കേരള വാട്ടർ അതോറിറ്റി തന്നെയായിരിക്കും. എന്നാൽ പുതിയ പദ്ധതികളുടെ നിർവ്വഹണം നഗരസഭയുടെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റായിരിക്കും ചെയ്യുക.

(സി) ഇല്ല. ബാധകമല്ല.

കാഞ്ഞിരത്തിനാൽ ജോർജ്ജിന്റെ ഉടമസ്ഥതയിലുള്ള ഭൂമി

103 [1041] *ശ്രീ. മത്തായി ചാക്കോ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽപ്പെട്ട കാഞ്ഞിരങ്ങാട് വില്ലേജിൽ കാഞ്ഞിരത്തിനാൽ ജോർജ്ജിന്റെ ഉടമസ്ഥതയിലുള്ള സർവ്വേ നം. 238/1-ലെ 12 ഏക്കർ ഭൂമി നിലവിൽ നിക്ഷിപ്തവനമായി സംരക്ഷിച്ചുവരുന്ന സ്ഥലമാണോ;

1040-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ഡ്യൂഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എന്നാണ് പ്രസ്തുത ഭൂമി നിക്ഷിപ്തവനമായി തീരുമാനിച്ച് പ്രഖ്യാപിച്ചത്; ഇത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കാമോ;

(സി) ഈ ഭൂമിയെ നിക്ഷിപ്തവനഭൂമിയായി പ്രഖ്യാപിച്ച വിവരം ബന്ധപ്പെട്ട വില്ലേജ് ഓഫീസിൽ അറിയിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്നാണ് എന്ന് വ്യക്തമാക്കുമോ; അറിയിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഈ 12 ഏക്കർ സ്ഥലത്തോട് ചേർന്ന് ചുറ്റുപാടും നിക്ഷിപ്തവനഭൂമി യുണ്ടോ; പ്രസ്തുത ഭൂമി വില്ലേജ് ഓഫീസ് രേഖകളിൽ റവന്യൂ ഭൂമിയായിട്ടാണോ രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) അതെ.

പരാമർശ വിഷയമായ 12 ഏക്കർ സ്ഥലം നിക്ഷിപ്തവനമായി സംരക്ഷിച്ചുവരുന്ന സർവ്വേ നം. 238-ൽപ്പെട്ട 15.41 ഹെക്ടറിൽ ഉൾപ്പെട്ടതാണ്. പ്രസ്തുത സ്ഥലം നിക്ഷിപ്ത വനപാലകന്റെ 8-7-1977-ലെ 4713/77 നമ്പർ ഉത്തരവു പ്രകാരം നിക്ഷിപ്തവനമായി നോട്ടിഫൈ ചെയ്തിട്ടുണ്ട്.

(സി) 1977-ൽ നിക്ഷിപ്തവനം നോട്ടിഫൈ ചെയ്ത പരസ്യം വില്ലേജ് ഓഫീസ് ഉൾപ്പെടെ എല്ലാ ഓഫീസുകളിലും പരസ്യം ചെയ്തിട്ടുണ്ട്.

(ഡി) നിക്ഷിപ്തവനപാലകന്റെ 8-7-1977-ലെ 4713/77 നമ്പർ ഉത്തരവു പ്രകാരം പ്രസ്തുത സ്ഥലം നിക്ഷിപ്തവനമായി നോട്ടിഫൈ ചെയ്തിട്ടുണ്ട്. നോട്ടിഫിക്കേഷന്റെ പകർപ്പ് ശേഖരിച്ചു സമർപ്പിക്കുന്നതാണ്.

(ഇ) ഈ 12 ഏക്കർ സ്ഥലത്തോട് ചേർന്ന് ചുറ്റുപാടും വനഭൂമി സ്ഥിതി ചെയ്യുന്നുണ്ട്. റവന്യൂ റിക്കാർഡുകളിൽ പരാമർശ സ്ഥലം വനഭൂമിയായി രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly